little KITEs

e-മാഗസിൻ



# വിരൽത്തുമ്പിൽ

**MARYGIRI HSS**

THERTHALLY

# മേരിഗിരി ഹയർ സെണ്ടറി ക്കൂട

# തേർത്തല്ലി

# വിരൽത്തുമ്പിൽ

## e -മാഗസിൽ

ലിറ്റിൽ കൈറ്റ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ ബോാഡ്

ചിഫ് എഡിറ്റർ

ശ്രിമതി ഡെസ്സി പി ജോർജ്ജ്

ഹെഡ്മിസ്ട്രസ്സ്



**സ്റ്റാഫ് എഡിറ്റർ**

**മനേജ് സി ജോസ്**

കൈറ്റ് മാസ്റ്റർ

സ്റ്റുഡന്റ് എഡിറ്റർ

ജോഫിൻ തോമസ്സ്

ബിജ്ജു

## എഡിറ്റോറിയൽ മെമ്പേഴ്സ്

ബിൽജോ അലോഷ്യസ്


ഹരിഗോവിന്ദ്

അമൽ ആന്റണി

സജില ഒ എച്ച്

അഞ്ജന രാജീവ്

ലിയ ലോറൻസ്



# എഡിറ്റോറിയൽ

വർണ്ണങ്ങളും വരകളും വാക്കുകളുമുറങ്ങുന്ന

വർണ്ണചെപ്പിൽനിന്നും തട്ടിത്തൂകിയ

ആയിരം നിറപ്പൊട്ടുകളുടെ

നിലക്കാത്ത ഒരു പ്രവാഹമാണ്
വിരൽത്തുമ്പിൽ

ഈ മഹപ്രാഹത്തിൽ നിന്നും
ഒരു തുള്ളി

വേർതിരിച്ചെടുക്കാനായെങ്കിൽ

പ്രതീക്ഷയോടെ
സ്റ്റാഫ് എഡിറ്റർ

# ആശംസ

ലിറ്റിൽ കൈറ്റിലെ മിടുക്കരായ
വിദ്യാർത്ഥികളുടെ ഭാവനയിൽ നിന്നും
വിരിഞ്ഞ നറുപുഷ്പങ്ങൾ കോർത്ത ഈ
കൊച്ചുമാസിക തയ്യാറാക്കിയ
എല്ലാവർക്കും അഭിനന്ദനങ്ങൾ
നേരുന്നതോടൊപ്പം ഈ
സംരംഭത്തിന് എല്ലാ വിജയാശംസകളും
നേരുന്നു.

ആശംസകളോടെ

**ഡെസ്സി പി ജോർജ്ജ്**

ഹെഡ്മിസ്ട്രസ്സ്

# താളുകളിൽ

അധ്വാനത്തിന്റെ വില.....7
കടങ്കവിതകൾ.....9
അഹങ്കാരം വരുത്തിയ വിന.....10
തായ്‌വാനിലെ വിചിത്ര കാഴ്ചകൾ.....12
അത്യാഗ്രഹം ആപത്ത്.....19
വായനാശീലം.....20
മഴ.....21
കൂട്ടുകാരൻ.....22
തീവണ്ടി.....23
കാലൻ കുട.....24
വിദ്യാർത്ഥികളുടെ ഉയർന്ന വിജയത്തിനുവേണ്ടി.....25
ഭൂമിയുടെ കണ്ണീർ.....26
കാത്തിരിപ്പ്.....27
വിക്കിപീഡിയ.....28
മഹത്വ വചനങ്ങൾ.....29
*വീടും കുടുംബവും*.....31
സ്ത്രീ.....33
പനിനീർ പൂവ്.....35
ഡബിൾ അറ്റാക്ക്.....36

# അധ്വാനത്തിന്റെ വില

ഒരു കുലീന കുടുംബത്തിലെ ദമ്പതികൾക്ക് സ്നേഹനിധിയായിരുന്ന ഏകമകനായിരുന്നു ബാബു . അവന്റെ ഉത്സാഹവും ചുറുചുറുക്കും മാതാപിതാക്കളെ പുളകം കൊള്ളിച്ചു. ദിവസവും സ്കൂളിലേക്ക് പുറപ്പെടുമ്പോൾ പിതാവ് അഞ്ചു രൂപ ബാബുവിന് നൽകും. അതു ലഭിക്കാതെ ബാബു വിദ്യാലയത്തിലേക്ക് പുറപ്പെടാറില്ല. ഒരു ദിവസം പിതാവ് പത്തുരൂപ കൊടുത്തു പറഞ്ഞു വൈകുന്നേരം അഞ്ചു രൂപ തിരിച്ചുതരണം. സമ്മതമെന്ന മട്ടിൽ അവൻ തലയാട്ടി.ഉപദേശങ്ങൾ മറന്ന അവൻ ധൂർത്തടിച്ചു തിരിച്ചെത്തിയപ്പോൾ പിതാവ് ചോദിച്ചു. ബാക്കി പണമെവിടെ? മറുപടിയില്ലാത്ത അവൻ തറയിൽ വൃത്തം വരച്ചുകൊണ്ടിരുന്നു. ബാക്കി പണം തരാതെ നീ വീട്ടിൽ കയറില്ല പിതാവ് ക്ഷുഭിതനായി. ഭയചകിതനായഅവൻ നിരാശയോടെ ഇറങ്ങി നടന്നുഅങ്ങാടിയിലെത്തി.    സമയം സന്ധ്യയോടടുത്തു .അവൻ തന്റെ വീട്ടിലേക്കു മടങ്ങി.അവൻ കഷ്ടപ്പെട്ട് സമ്പാദിച്ച ഒരുരൂപ നാണയം അവന്റെ കയ്യിൽ ഉണ്ടായിരുന്നു.  ആ ഒരു രൂപനാണയം അവൻ പിതാവിനു നേരെ നീട്ടി. ആക്രോശത്തോടെ അയാൾ അതു തട്ടിയെറിഞ്ഞു.ബാബുവിന് വ്യസനം അടക്കാനായില്ല. അവൻ പൊട്ടിക്കരഞ്ഞു. അതു സമ്പാദിക്കാൻ താനനുഭവിച്ച പ്രയാസം ബാബുവിനെ വേദനിപ്പിച്ചു. അധ്വനത്തിന്റെ വില ബാബു ശരിക്കും മനസ്സിലാക്കി.പിന്നീട് ധൂർത്തടിച്ചിട്ടേയില്ല.

# കടങ്കവിതകൾ

1.കറുകറുത്തൊരു ജന്തു വെളുവെളുത്തൊരു കൊമ്പ് തൂണു പോലുള്ള കാല് ചൂലുപോലെ വാല് ? -ആന

2 .ആണ്ടിലോരിക്കൽ വിരുന്നു വരും ഓണം പേരിൽ കൊണ്ടുവരും തൊട്ടാലൊട്ടിക്കൂടെ വരൂം ശല്യക്കാരൻ ഇവനാര് ?-ഓണപ്പുല്ല്

3.ആനയുടെ രണ്ടാം പകുതിക്കൊരു ദിനം 'പേ ' പിടിച്ചാലാനയെന്താകും ? -പേന

4.'അറ 'യിൽ പാതിയെടുത്താലും 'നിറ 'യീൽ പാകതിയെടുത്താലും രണ്ടാം ഭാഗം 'പ ' യെടു ചേർന്നാല് പാത്രമതാകുമളക്കാനായ് ?-പറ

5.നാലുണ്ടു കാല്,നടക്കില്ല,നിൽക്കില്ല ചാടിച്ചാടി സഞ്ചാരം കരയും ജലവും ഒരുപോലെ കരയാൻ വിരുതും അതുപോലെ ? -തവള

6.മൂന്നുപേരൊത്താൽ ഭാരം ചുമക്കണം ഭാരം ചുമന്നാൽ ചൂടേറ്റ് നിൽക്കണം ?-അടുപ്പ്

അഡ്വിൻ

# അഹങ്കാരം വരുത്തിയ വിന

ഒരിടത്ത് കോരൻ എന്ന എലി താമസിച്ചിരുന്നു. അവന് പാമ്പുകളെ വലിയ പേടിയായിരുന്നു. അങ്ങനെയിരിക്കെ യാദർശ്ചികമായി ഒരു പാമ്പ് അവനെ തിന്നാൻ വന്നു. അവൻ പാമ്പിൽ നിന്നും ഓടി രക്ഷപ്പെട്ടു .അങ്ങനെ അവൻ അപരിചിതമായ ഒരു സ്ഥലത്ത് എത്തി. പെട്ടന്ന് അവിടെ എന്തോ തിളങ്ങുന്നതായി കോരൻ കണ്ടു. അവൻ അതിൻെറ അടുത്ത് ചെന്നു . അത് ഒരു മാന്ത്രിക
കല്ലായിരുന്നു. പെട്ടന്ന് ആ കല്ല് സംസാരിക്കാൻ തുടങ്ങി . കോരൻ ഭയന്ന് പോയി . ആ കല്ല് അവനോട് പറഞ്ഞു ."ഞാൻ ഒരു മാന്ത്രിക കല്ലാണ് നി എന്നെ കഴുത്തിൽ അണിഞ്ഞാൽ നിന്നെ ഏത് രൂപത്തിൽ വേണമെങ്കിലും മാറ്റാൻ എനിക്ക് സാധിക്കും. കോരന് സന്തോഷമായി അവൻ പാബുകളിൽ നിന്ന് രക്ഷപെടാൻ കീരീയായി മാരണമെന്ന് മാത്രിക കല്ലിനോട് പറഞ്ഞു. പെട്ടന്ന് അവൻ കീരീയായി മാറി. അവന് ആവിശ്യത്തിനും അനാവിശ്യത്തിനും പാബുകളെ കൊന്ന് തിന്നാൽ തുടങ്ങി. അങ്ങനെയിരിക്കെ അവൻ ചിന്തിച്ചു, ഈ കാട്ടിൽ എന്നെക്കാൾ വലിയ മ്രുഗങ്ങൾ ഉണ്ട്. ഞാൻ അപ്പൊ ഒരു ചെറിയ കീരീ".

അവൻ മാത്രിക കല്ലിനൊട് തന്നെ ഒരു ആന അക്കാൻ ആവിശ്യപെട്ടു. പെട്ടന്ന് അവൻ ആനയായ് മാറി. അവൻ ആനയായപ്പൊൾ അവന് അഹങ്കാരമായി അവൻ എല്ലാ മ്രുഗങ്ങളെയും ഉപദ്രവിക്കാൻ തുടങ്ങി. അങ്ങനെയിരിക്കെ അവിടെയൊരു പുലി ഇറങ്ങി അത് മാനിനെയും ആനയെയും തിന്നും വലിയ ശക്തിമാൻ ആണ്. ഇത് കേട്ടപ്പോൾ കോരൻ ആനക്കാ തോന്നി. “ഞാൻ ആനയാണ് ആനയെവരെ തിന്നും എന്നാണ് പറഞ്ഞത് ഇനി ഞാൻ ആനയായ് നടന്നാൽ പുലി എന്നെ തിന്നും” അവൻ മാന്ത്രിക കല്ലിനൊട് എന്നെ ഒരു പുലി ആക്കാൻ ആവിശ്യപ്പെട്ടു. പെട്ടന്ന് അവൻ പുലിയായി. അവൻ എല്ലാ മ്രുഗങ്ങളെയും ആവിശ്യമില്ലാതെ കൊല്ലാൻ തുടങ്ങി എല്ലാ മ്രുഗങ്ങൾക്കും അവനെ പേടിയാണ്. അങ്ങനെ ഒരു ദിവസം ഒരു സന്യാസിയായ കുരങ്ങ് അവിടെ എത്തി മൃഗങ്ങൾ അവനോട് അവരുടെ സങ്കടം പറഞ്ഞു. കുരങ്ങൻ അവനെ ഒരു പാഠം പഠിപ്പിക്കാൻ തീരുമാനിച്ചു . കുരങ്ങൻ ആ പുലിയുടെ അടുത്ത് ചെന്നു പറഞ്ഞു."അല്ലയോ പുലി നിങ്ങൾ ഈ കാട്ടിലെ രാജാവ് ആണന്ന് പറയുന്നു .പുലി പറഞ്ഞു "അതെ ഞാൻ ആണ് ഈ കാട്ടിലെ രാജാവ് എനിക്ക് ഏത് രൂപത്തിൽ വേണമെങ്കിലും മാറാം". കുരങ്ങൻ പറഞ്ഞു ഞാൻ ഈ കാട്ടിൽ വന്നിട്ട് കുറെ ദിവസമായി. ഒന്നും തിന്നിട്ടില്ല ഒരു ഫലവൃഷം പോലും ഇവിടെ ഇല്ല. താങ്കൾക്ക് ഏത് രൂപത്തിൽ വേണമെങ്കിലും മാറാല്ലോ. ഒരുഫലവൃക്ഷമോ. അത് കഴിഞ്ഞിട്ട് പഴയ രൂപത്തിൽ ആയിക്കോ". പുലി പറഞ്ഞു മ്മ.......... ശരി ഞാൻ ഒരു ഫലവൃക്ഷമായി മാറാം. പുലി മാന്ത്രിക കല്ലിനോട് ഫലവൃക്ഷമാകാൻ ആവശ്യപ്പെട്ടു. പെട്ടന്ന് പുലി ഒരു ഫലവൃക്ഷമായി. കുരങ്ങൻ തനിക്ക് ആവശ്യമായ പഴം കഴിച്ചിട്ട് മരത്തിനോട് തിരിച്ച് പുലി

ആയിക്കോ എന്ന് പറഞ്ഞു. പക്ഷേ മരത്തിന് സംസാരിക്കാൻ കഴിയില്ലല്ലോ.
കുരങ്ങൻ മരത്തിനോട് പറഞ്ഞു."ഇനിയെങ്കിലും മറ്റുള്ളവർക്ക് ഉപകാരം ചെയ്തിത് ജീവിക്ക്. നിന്റെ അഹങ്കാരമാണ് നിനക്ക് ഈ ഗതി വരുത്തിയത്

അജിന ജയൻ

# തായ്‌വാനിലെ വിചിത്ര കാഴ്ചകൾ







*കേരളത്തിന്റെ വലുപ്പമുള്ള ഒരു ദ്വീപാണ് തായ് വാൻ.എന്നാൽ ഇവിടെ ഒരുപാട്കാര്യങ്ങൾ കാണാനുണ്ട്. ഇവിടെ പ്രധാനപ്പെട്ട മതം താവോയിസമാണ്.ഇതിലാണ് വിശ്വാസികൾ കൂടുതലും, അതനുസരിച്ച് അമ്പലങ്ങൾ ഏറെയുണ്ട്. ചില അമ്പലങ്ങളിൽ സദ്യക്കും ഒന്നും രണ്ടും മണിക്കൂർ നീണ്ടുനിൽക്കുന്ന പാവക്കൂത്ത് നടക്കാറുണ്ട്.* തായ് വാൻ എന്ന പേരിൽ ഇപ്പൊൾ അറിയപ്പെടുന്ന ഒരു കൊച്ചു ദ്വീപ്.പസഫിക്

മഹാസമുദ്രത്തിൽ ചൈനക്കടുത്തായി വെറുമൊരു പൊട്ടുപോലെ മാത്രം കാണുന്ന ഒരു രാജ്യമാണ് തായ് വാൻ.പണ്ടുകാലത്ത് ഇവിടെ മലവേടന്മാരും കാട്ടുമൃഗങ്ങളും മാത്രം താമസിച്ചിരുന്ന സ്ഥലമായിരുന്നു. എന്നാൽ ഇപ്പോൾ സ്ഥിതി മാറി. കൊല്ലവർഷം 1400 A.D തൊട്ട് ചൈനക്കാർ കുറേശെയായി ഇങ്ങോട്ട് കുടിയേറാൻ തുടങ്ങി. ഇവിടെ ഫലപ്രദമായി

ഭ്രമിയായിരുന്നു ഇതിനുകാരണം. ഇന്നിവിടെ കിട്ടാത്തതായും കാണാത്തതായും ഒന്നുമില്ല. തായ് വാൻ ഇൻറർനാഷണൽ എയർപോർട്ടിൽ പ്ലെയിൻ താഴാൻ തുടങ്ങിയപ്പോൾ ജനാലവഴി കണ്ട കാഴ്ച അതിമനോഹരമായിരുന്നു മേഘങ്ങൾക്കിടയിലൂടെ ആദ്യം അംബരചുംബികളായ കെട്ടിടങ്ങൾ കണ്ടു തുടങ്ങി. കുറച്ചു കൂടി താഴോട്ടിറങ്ങിയപ്പോൾ ചിലയിടങ്ങളിലെല്ലാം ചൈനീസ് ആറക്കിടെക്ചറിൽ പണിത അതികം പൊക്കം വരാത്ത അമ്പലങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടു. പിന്നീട് ഈ കൊച്ചുദ്വീപിന്റെ പൂർണരൂപം കണ്ടു. പച്ചയും നീലയും കലർന്ന നിറത്തിലുള്ള തിരമാലകൾ അലയടിക്കുന്നുണ്ടായിരുന്നു അതിസുന്ദരമായ ഒരു കാഴ്ചയായിരുന്നു ഹോട്ടലിലെത്തുന്നതുവരെ ടാക്സി ഡ്രൈവർ അയാൾകറിയാവുന്ന ചൈനീസിൽ കാര്യങ്ങൾ ഞങ്ങളോട് പറയുന്നുണ്ട്. ഒരു ടൂറിസ്റ്റ് അറിഞ്ഞിരിക്കേണ്ട പല കാര്യങ്ങളും പറഞ്ഞു.ഏറ്റവും കൂടുതൽ എന്നെ അമ്പരപ്പിച്ചത്.ഇവിടുത്തെ അമ്പലങ്ങളും അതിലെ ദേവീദേവന്മാരുമാണ്.വളരെ വിചിത്രമായ കാഴ്ചകളാണ് ഇവിടെ കാണാൻ കഴിയുന്നത് .

## തായ്സം എന്ന മതം

ഇവിടെ പ്രധാനമായും മൂന്ന് മതങ്ങാണ് ഉള്ളത്. ആദ്യമുണ്ടായത് കൺഫ്യൂഷനിസം ആണ്. അദ്ദേഹം ഒരു ചൈനീസ് ഫിലോസഫർ ആയിരുന്നു .ദൈവത്തെപോലെ ആദരിക്കുകയും ബഹുമാനിക്കുകയും

ചെയ്യുന്നു .എന്നാൽ അദ്ദേഹത്തിന് പേരിലുള്ള
അമ്പലങ്ങൾ കുറവാണ്. പിന്നെ ബുദ്ധിസ്സം എന്നാലത്
ഇന്ത്യയിൽനിന്നാണ്പോയിട്ടുള്ളത് ഒന്നാം നൂറ്റാണ്ടിൽ
ചൈമയിൽ എത്തിയെങ്കിലും തായ് വാനിൽ
എത്തിയത് വളരെ കഴിഞ്ഞാണ് .എന്നാലിവിടെ
സ്വന്തമെന്ന് പറയുന്നതു താവോയ്സം തന്നെയാണ്.
ഇതിലാണ് വിശ്വാസികൾ കൂടുതലും അതനുസരിച്ച്
അമ്പലങ്ങൾ ഏറെയുണ്ട്.

## ചൈനീസ് അമ്പലങ്ങൾ

അമ്പലങ്ങൾ ഏതായാലും അത്
കൊത്തുപണികളും ആർക്കിടെക്ചറും തനി ചൈനീസ്
രീതിയിലായിരുന്നുനിർമ്മിച്ചരിക്കുന്നത്.ഇതിന്
വളരെയേറെ പ്രത്യകതകളുണ്ട്.നമ്മുടേതുപോലുള്ള
അമ്പലങ്ങൾക്ക് ഉയരം കൂടിയ ഗോപുരങ്ങളോ
അതിനുള്ളിലെ ചെറിയ തുളകളിൽ ചെറിയചെറിയ
രൂപങ്ങളോന്നുമില്ല.
ഈ അമ്പലങ്ങൾക്ക് ഒന്നോ രണ്ടോ നിലകൾ
മാത്രമായിരിക്കും .ഇവയുടെ മേൽക്കൂരക്കാണ് പ്രത്യകത.
ചെറിയ കമ്മിട്ടോടുകലൾ കൊണ്ട് നിർമ്മിച്ചതാണ്.പച്ച
ഛായം അടിച്ചതാണ് മേൽക്കൂര.ഇതിലെ
കെട്ടിടത്തിന്റെ നാലു വശത്തും കരിങ്കൽ തൂണ്ണികളാണ്.
ഈ അമ്പലത്തിന് ചുറ്റും നടന്ന് പ്രദിക്ഷണം വയ്ക്കാനുള്ള
ചുറ്റമ്പലം ഒന്നിമില്ല.പകരം ഈപ്രതാന കെട്ടിടത്തിന്റെ
ഇരുവശത്തും ഒരോ മുറികൾ ഉണ്ട്.ഇതിന് പകോടയുടെ
രൂപമാണ് കൊടുത്തിരിക്കുന്നത്.ഇവിടെയാണ്
ആരാധകർ വഴിപാട്

കഴിക്കുന്നത്.

പരേതർക്കായിനോട്ടുകൾ

മരിച്ചുപ്പോയവർക്കുവേണ്ടയുള്ള പ്രാർഥനയും വഴിപാടുകളും എല്ലമിവിടെയാണ് നടത്തുന്നത്. ഇതിനുവേണ്ടിയുള്ള ചന്തനതിരികളും കടലാസുകളും അമ്പലപരിസരത്ത് വാങ്ങാൻകിട്ടും.മരിച്ചു പോയിട്ടുള്ളവർക്കുപരലോകത് യാതൊരു തരത്തിലുമുള്ള ബുദ്ധിമുട്ടും വരാതിരിക്കാൻ വേണ്ടിയാണത്രെ.ഇവിടെയുള്ളവീട്ടുകാർ കടലാസ് നോട്ടുകൾ കത്തിക്കുന്നത്. ഇത് കത്തിചിടാനായിട്ട് താഴോട്ട് ഒരു അറയുണ്ട്.ഇതിനകത്താണ് ചാരവും മറ്റും വന്ന് വീഴുന്നത്.ഇവിടെ വരുന്നടൂറിസ്റ്റുകൾ എല്ലാം അമ്പലമുകളിൽ കാണുന്ന കൊത്തുപണികളും ഡ്രാഗണിന്റെ രൂപങ്ങഴുമാണ് ശ്രദ്ധിക്കുന്നത്.മുകൾ ഭാഗത്തിന്റെ  ഇരുവശവും  മുകളിലോട്ട് കൂർത്തിട്ടാണ്.ഇതിന്റെ പിറകിലുള്ള കഥ ഇപ്രകാരമാണ് അമ്പലത്തിൽ ഇരിക്കുന്ന ദേവീദേവന്മാരെ ഉപദ്രവിക്കാൻ ദുരാത്മാക്കൾ ശ്രമിച്ചാൽ അവർ തെന്നിയടിച്ചു പുറത്തുപോകുമത്രെ. പിന്നീട് അവരെ കൊണ്ടുള്ള ശല്ലം തീരുമെന്നാണ് വിശ്വാസം. ഇതിനും പുറമേ അമ്പലമുറ്റത്തുവാതിലിനോട് ചേർന്ന് രണ്ടു വലിയ സിംഹങ്ങളെ കല്ലിൽ കെത്തിവച്ചത് ഇരുവശത്തും സ്ഥപിച്ചിട്ടുണ്ട്.ഇവയുടെ വായിൽ ഒരു വലിയ വാൾ വെച്ചിരിക്കുന്നതായി കാണാം. ഇവർ അംമ്പലം കാവൽക്കാരാണ്.മുൻവാതിലിനു  സമീപമായി ഒരു

വലിയ കുടം വളരെയേറെകെത്തുപണികളോടുകൂടി സ്ഥപിച്ചിട്ടുണ്ട്.ഇതിനകത്ത് മണൽ നിറച്ചിരിക്കയാണ്. ആരാധനയ്ക്ക വരുന്നവർ ഇതിനകത്ത് ആദ്യംഒരുകെട്ട് ചന്ദനത്തിരി കത്തിച്ചുവയ്ക്കും.അമ്പലമുറ്റത്താണ് ഇതു നടക്കുന്നതെങ്കിലും ഇതിന്റെ പുക അമ്പലത്തിനകത്തുംചെല്ലും ഇതു ദേവന്മാർക്ക് വേണ്ടി ഉള്ളതാണ്. പിന്നീട് അവർ ദേവനെ ദർശിക്കാൻ അകത്തെക്കുകയറും. ഇവിടെ പ്രതിമയുടെ മുമ്പിൽ ഏറെനേരം പ്രാർത്ഥിക്കുകയും. ചിലർ പഴങ്ങളും മറ്റും ദേവനർപ്പിക്കും.

## കരിപുരണ്ട പ്രതിഷ്ഠ

ഇവിടെ ആരുവന്നാലും എപ്പോഴാണെങ്കിലും അമ്പലത്തിലേക്ക് പ്രവേശിക്കാം. ചെരിപ്പൂരണമെന്നില്ല. ഞങ്ങൾ അകത്തേക്ക് കയറിയ സ്ഥലത്ത് അവിടമാകെ പുകമയമായിരുന്നു. വിളക്കുകൾ കത്തുന്നടെങ്കിലും വളരെ സൂക്ഷിച്ച നോക്കിയപ്പോഴാണ് ദേവിയെ കണ്ടത് പട്ട് വസ്ത്രങ്ങളും ആഭരണങ്ങളും അണിഞ്ഞിട്ടുണ്ട് എന്നാൽ മുഖം കരിപൂണ്ട് കറുത്തിരുന്നു. ഇതുകണ്ട് ഞങ്ങൾ അന്തം വിട്ടുപോയി . ഇവിടെ ദേവീദേവന്മാരെ പ്രതിഷ്ഠിച്ചാൽ പിന്നെ എടുത്തുമാറ്റി കുളിപ്പിക്കാറില്ല. പ്രത്യേക പൂജകൾ ഉള്ളപോൾ വസ്ത്രം മാറും അത്രതന്നെ. ആളുകൾ അർപ്പിക്കുന്ന ചന്ദനത്തിരിയും നോട്ടുകളും കത്തിക്കുനതിന്റെയും ഒക്കെ തുടർച്ചയായി പുക ഏറ്റിറ്റാണത്രെ ഇങ്ങനെയിരിക്കുന്നത്. ഇവിടെ നിന്ന് ഇറങ്ങി ഞങ്ങൾ മറ്റൊരു അമ്പലം കാണാൻ പോയി.

ഇവിടെ പ്രതിഷ്ഠ വേറെയായിരുന്നു. എന്നാണ് അവിടത്തെയും പ്രതിമ ഇരുണ്ടിരുന്നു.ഏത് അമ്പലമായാലും റോഡ് മുതൽ അമ്പലമുറ്റം വരെ ചുവന്ന നിറത്തിൽ ചൈനീസ് വിളക്കുകൾ കത്തിക്കൊണ്ടിരിക്കും.

## ദൈവങ്ങൾക്കുവേണ്ടി പാവക്കൂത്ത്

ചില അമ്പലങ്ങളിൽ സദ്യക്കും ഒന്നര മണിക്കൂർ നീണ്ടുനിൽക്കുന്ന പാവക്കൂത്ത് നടത്താറുണ്ട്. ഞങ്ങൾ പാട്ടും കൂത്തും ബഹളവുമൊക്കെ കേട്ട് അങ്ങോട്ട് ഒന്ന് പോയി നോക്കി. ഒരു പാവകൂത്ത് നടത്താനുള്ള മേശയും തിരശീലയും എല്ലാം അമ്പലമുറ്റത്ത്.

ചൈനീസ് ദേവന്മാരുടെ മുഖവും വസ്ത്രവും അണിയിച്ചാണ് പാവകളെയെല്ലാം നിരത്തിവച്ചിരിക്കുന്ന അവരുടെ ദേവലോകത്ത് നടക്കുന്ന കഥകൾ പാടികെണ്ടാണ് കഥതുടങ്ങുന്നത് അതനുസരിച്ച് പാവകളെ ചലിപ്പിച്ച് അവയെകൊണ്ട് അഭിനയിപ്പിക്കുകയാണ്. ഇതു തായോട്ട് അമ്പലമായതു തായ് വാൻ ഭഷയിലാണ് കഥപ്രസംഗം നടത്തുന്നത്. എല്ലാം നല്ലരീതിയിൽ നടക്കുനുണ്ടായിരുന്നു.എന്നാൽ കാഴ്ചക്കാർ ആരും തന്നെയില്ലായിരുന്നു. ഇത്രയും അവർ കഷ്ടപ്പെട്ടത് വെറുതെയായല്ലോ എന്ന് തോന്നിയത് ഞാനവരോട് പറഞ്ഞു. ഇവിടെ ഡ്രാമ അവിടെകൂടിയിരുക്കുന്ന

ദൈവങ്ങൾക്ക് വേണ്ടിയാണ് നടത്തുന്നത്. അല്ലാതെ കാണികൾക്കായി ഉള്ളതല്ല.

എന്നാൽ ആർക്കെങ്കിലും ഇവിടെ വന്നിരുന്ന
കാണണമെങ്കിൽ ആവാം. ഇത് അവർക്ക് ഒരു
വിഷയമേയല്ല. ആരു വന്നാലും ഇല്ലെങ്കിലും ഈ
പരിപാടി നിശ്ചയ ദിവസങ്ങളിൽ കൃത്യസമയത്ത്
നടന്നിരിക്കും. ഇതാണ് അവരുടെ ദൈവങ്ങൾക്കുള്ള
ഒരു എന്റർടെയ് ൻമെന്റ്!. വളരെ വിചിത്രമായ
കാര്യങ്ങളാണ് ഇപ്പോൾ ചിലയിടങ്ങളിൽ നടക്കുന്നത്
എന്നാലിതെല്ലാം വിചിത്രമെങ്കിലും നൂറുശതമാനം
വാസ്തവം തന്നെ




**ജോഫിൻ ആൽവിൻ**

# അത്യാഗ്രഹം ആപത്ത്

പരിഷ്കാരിയും പൊങ്ങച്ചക്കാരിയും ആയ പൊന്നമ്മചേച്ചി ഒരു ചെരുപ്പുകടയിൽ കയറി. "എനിക്ക് നന്നായി ചേരുന്ന പുതിയ ചെരുപ്പുകൾ വേണം" .അവർ കടക്കാരനോട് പറഞ്ഞു കാലിൽ കിടന്ന ചെരുപ്പുകൾ ഊരിമാറ്റിയിട്ട് കടക്കാരൻ കാണിച്ച ചെരുപ്പുകൾ ഓരോന്നായി അവർ കാലിൽ ഇട്ടുനോക്കി ഒത്തിരിയണ്ണം പരീക്ഷിച്ചിട്ടും അവർക്ക് ചേരുന്ന ചെരുപ്പ് കിട്ടിയില്ല. ഒടുവിൽ അല്പം മാറിക്കിടക്കുന്ന ഒരു ജോടി ചെരുപ്പിൽ കാൽ കയറ്റിയപ്പോൾ കൃത്യം. "ഇത് കൊള്ളാം അളവും ഡിസൈനും എനിക്ക് ഇഷ്ടപ്പെട്ടു. ഇതിന് എന്താണ് വില?"അവർ ചോദിച്ചു.

കടക്കാരൻ ചിരിച്ചുകൊണ്ട് പറഞ്ഞു "അയ്യോ മാഡം, അതിന് ഒന്നും തരേണ്ട ഫ്രീ അയി എടുത്തുകൊള്ളു. മാഡം ഇവിടേക്ക് കയറി വന്നപ്പോൾ കാലിൽ കിടന്ന ചെരുപ്പുകൾ ആണ് അത്."ചമ്മലോടെ അവർ പുറത്തേക്ക് പോയപ്പോൾ കടക്കാരൻ ഓർത്തു.

"പലപ്പോഴും നമുക്ക് ഏറ്റവും പറ്റിയ സമഗ്രികളും സാഹചര്യങ്ങളും തള്ളിക്കളഞ്ഞിട്ടാണ് നാം പുതിയവ തേടിപ്പോകുന്നത്!".

-എയ്ഞ്ചൽ മരിയ

# വായനാശീലം

അഞ്ജന രാജീവ്

സാമൂഹ്യജീവിതത്തിൽ മനുഷ്യരിൽ കാണപ്പെടേണ്ട ഒരു നല്ല ശീലമാണ് വായന. ഇന്ന് നമ്മുടെ ജീവിതത്തിൽ തീരെ ഇല്ലാത്ത ഒന്നുമാണ് വായന എന്ന ശീലം. കുട്ടികളിൽ പോലും ഇന്ന് വായന തീരെ ഇല്ലാതായി. പുസ്തകങ്ങളിൽ നിന്ന് കിട്ടുന്ന അറിവുകൾ പോലും ഇന്ന് വേണ്ടന്ന് വെയ്ക്കുന്ന പുതു സമൂഹമാണ് വിദ്യാർത്ഥികളുടേത്. പണ്ടൊക്കെ എഴുത്തിലൂടെ വിവരങ്ങൾ കൈമാറിയെങ്കിലും ഇന്ന് ഫോണിലൂടെ വായ്മൊഴിയായാണ് വിവരങ്ങൾ കൈമാറുന്നത്. കുട്ടികൾക്ക് പത്രങ്ങൾ വായിക്കാനോ ലൈബ്രറിയിൽ പോയി ഒരു പുസ്തകം വായിക്കാനോ സമയമില്ല. മറിച്ച് അവർക്ക് ഫോൺ,ടി.വി പോലുള്ള വസ്തുക്കളിലൂടെ കിട്ടുന്ന അറിവുകളും കഴിവുകളുമാണ് വലുത്.

ഇന്ന് സമൂഹത്തിൽ ജീവിക്കണമെങ്കിൽ ആവശ്യമായ മറ്റൊന്നാണ് അറിവ്. ഇന്നത്തെ തലമുറയ്ക്ക് തീരെ ഇല്ലാത്തതും അറിവാണ് . വിദ്യാർത്ഥികളുടെ നല്ല ഭാവിയെക്കരുതി സ്കൂളിലും നാട്ടിലുമെല്ലാം ലൈബ്രറി സംവിധാനങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും കുട്ടികൾ വായനക്കായി മെനക്കെടാറില്ല എന്നതാണ് ലോകസത്യം . കുഞ്ഞുണ്ണി മാഷ് വായനയെപ്പറ്റി ഇങ്ങനെ പറയുന്നു.

**"വായിച്ചാലും വളരും**
**വായിച്ചില്ലെങ്കിലും വളരും**
**വായിച്ചു വളരുന്നവൻ വിളയും**
**വായിക്കാതെ വളരുന്നവൻ വളയും"**

ഈ വരികളുടെ ഭംഗി ഇന്നത്തെ തലമുറയാണ് ശരിയായി മനസ്സിലാക്കേണ്ടത് . വായനയുടെ മഹത്വത്തെ പറ്റി നേരത്തെ മനസ്സിലാക്കേണ്ടതായിരിന്നു നാം ഓരോരുത്തരും. കുട്ടികൾക്ക് ബുക്കുകൾ വായിക്കാൻ കൊടുത്താൽ മാത്രം അവർ വായിക്കില്ല . അവരെ പ്രേരിപ്പിച്ച് വായനയ്ക്ക് വിധേയമാക്കുകതന്നെ ചെയ്യണം.



# മഴ

ഇട നെഞ്ചിലായ്
പുതു മണ്ണിൻ സുഖം
മഴ തന്ന
കുളിരലയായ്
ഒരോർമ്മതൻ കാലമായ്

ഒരു തുള്ളിയായ് ചെറു
പുഞ്ചിരി വിടരുന്ന മനസ്സിൻ
ഒരു കുഞ്ഞു പൈതലെ നിൻ
പുഞ്ചിരി മഴ തന്ന കുളിരലയോ
നിൻ സ്വപ്ന സാഫല്യമോ



# കൂട്ടുകാരൻ

*കൂട്ടുകൂടാനായെന്റെ*
*കൂട്ടുതേടിയണ്ഞൊരു*
*കുഞ്ഞാറ്റക്കിളി*
*കാറ്റിനോട്ട കഥ മെനഞ്ഞും*
*കടലിനോട്ട കളി പറഞ്ഞും*
*കാടായ കാടെലാം മേടായ മേടലാം*
*കണാരം പൊത്തി കളിച്ചും*
*കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി*
*കുക്കുരുമ്മി ചിറകുരുമ്മി*
*കിലുകിലെ കൊഞ്ചി ചിലച്ചും*
*കിളിക്കൂട്ടിലെന്നെ*
*കുളിരറിയിക്കാതെ*
*കവിൾ ചേർത്തുറക്കിയും*
*കനിവിന്റെ കനിവാമെന്റെ*
*കരളിന്റെ കരളാം*
*കൂട്ടുകാരൻ*

**ബിൽജോ അലോഷ്യസ്**

# തീവണ്ടി




ഇരട്ട വീതിയിലൂടെ താനെ
ചരിക്കും നീ ആരെന്ന്
മനസ്സിലാക്കാൻ കഴിയുന്നില്ല
നിൻ  ചക്ര പാദത്തിൻ
വിശ്വസിക്കുന്നവർ എത്ര എത്ര
നിൻ കാലൊന്നിടറിയാൽ
പൊലിയുന്നത് എത്ര എത്ര
ആ ഇരട്ട വീതിയിൽ
തിരിച്ചുവരാൻ കഴിയാതെ നീ
പകച്ചുപോകുമ്പോൾ
ഒന്ന് തിരിച്ചെത്തിയെകിൽ
എന്ന് ആശികുന്നവർ എത്ര എത്ര
പോകുന്ന വീതിയിൽ പുക തുകി
കടന്നു പോകുമ്പോൾ ഇതെന്ത്
എന്ന് പറയുന്നവർ എത്ര എത്ര...

# കാലൻ കുട



*മഴ കൊള്ളാനും*
*വെയില് കൊള്ളാനും*
*ഊന്നുവടിയാക്കാനും*
*കുടയ്ക്കിഷ്ടമായിരുന്നു*
*കാർവാങ്ങിയപ്പോൾ*
*കുടമൂലയിലായി*
*കുട കൂടുതൽ നരച്ചു*
*കമ്പികൾ തുരുമ്പിച്ചു*
*കാർവാങ്ങിയപ്പോൾ*
*കുട ഒറ്റയ്ക്കായി*
*കുട കാലൻ കുടയായി*

*ജോമൽ ടോമി*

# വിദ്യാർത്ഥികളുടെ ഉയർന്ന വിജയത്തിനുവേണ്ടി

1.എന്തിനു പഠിക്കണം?ആർക്കുവേണ്ടി പഠിക്കണം?ഇത് ആദ്യം മനസ്സിലാക്കുക.

2.പഠിക്കുന്ന വിഷയത്തിൽ നൂറ് ശതമാനം മനസ്സിലാക്കിക്കൊവിദ്യാർത്ഥികളുടെ ഉയർന്ന വിജയത്തിനുവേണ്ടിണ്ട് ലയിക്കുക.

3.മറ്റ് ജോലകൾ ചെയ്യുമ്പോൾ പഠിക്കരുത്

4.ഓരോ വിഷയത്തിനും വ്യക്തമായ

ടൈം ടേബിൾ വേണം.

5.വിഷമമുള്ള വിഷയങ്ങൾക്ക് കുറച്ചുകൂടി സമയം.

6.പഠിക്കുന്ന വിഷയത്തിൽ നൂറ് ശതമാനം മനസ്സിലാക്കിക്കൊണ്ട് ലയിക്കുക.

7.കിടന്നുകൊണ്ട് പടിക്കരുത്.

ജോസഫ് ജിൻസ്

# ഭൂമിയുടെ കണ്ണീർ

കരയുന്ന ഭൂമിയുടെ കണ്ണീർ
തുടയ്ക്കാൻ ഒരുങ്ങാത്ത മക്കളെ....
പോറ്റുന്ന ഭൂമിയുടെ
ഭിന്നമാം രോദനം കേൾക്കുന്ന ഞാൻ,
ഭൂമി പിളരുന്ന മരണമാം
വേദനയോടെ,
കണ്ണുനീർ പൊഴിക്കുന്ന
താടകയെന്ന പോൽ,
ഓർക്കുക മർത്ത്യാ നീ
ജീവൻ തുടിപ്പുള്ള
ഭൂമിയാം ദേവിയെ നോവിച്ചാൽ
അനുഭവിക്കും നീ -
ഒരുനാൾ

-സ്നേഹ പി.ബി

# കാത്തിരിപ്പ്

ഞാനറിയുന്ന നിന്നെ ഏകാന്തമാ-
വിരസതകളിൽ എപ്പൊഴൊ
ഒരു മഞ്ഞുത്തുള്ളിയുടെ നൈർമല്യവുമായ്
നീ വന്നണഞ്ഞപ്പോൾ
പുസ്തകത്താളിൽ സൂക്ഷിച്ച-
മയിൽപീലി പോലെ നീ എൻ
ഹ്രദയത്തിൻ താളുകളിൽ മയങ്ങിയപ്പോൾ
ഞാനറിഞ്ഞു നിന്റെ സ്നഹത്തെ
ഇതളടർന്ന പനിനീർപ്പൂവു
പോൽ എന്റെ മനസിന്നലയുന്ന
നീ എവിടെയെന്നറിയാതെ
നിലാവുള്ള രാത്രികളിൽ നിനവുകൾ-
മാത്രം കൂട്ടുമായി ഞാൻ കാത്തിരിക്കുന്നു
മഴയെ കാത്തിരിക്കും വേഴാമ്പൽ പോൽ
കാർമേഘനികരത്തിൽനിന്നും
പൊഴിയും മഴപോലെ
കാത്തിരിക്കുന്നു എന്നും നിനക്കായ്.

# വിക്കിപീഡിയ

ഒരു ഓൺലൈൻ സർവവിജ്ഞാനകോശമാണ് വിക്കിപീഡിയ. വിക്കി, എൻസൈക്ലോപീഡിയ എന്നീ പദങ്ങളുടെ ഒമിശ്രശബ്ദമാണ് വിക്കിപീഡിയ എന്ന പേര്(Wikipedia). എല്ലാഭഷകളിലും സ്വാതന്ത്ര്യവും സമ്പൂർണവുമായ വിജ്ഞാനകോശം നിർമ്മിക്കാനുള്ള ഒരു കൂട്ടായ സംരംഭമാണിത്. ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന വിക്കിമീഡിയ ഫൗണ്ടേഷൻറ്റെ പിന്തുണയോടെയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. വിക്കിപീഡിയയിലെ ഉള്ളടക്കം എപ്പോഴും സ്വതന്ത്ര്യവും സൗജന്യവും ആയിരിക്കും. ലോകം മുഴുവനും വ്യാപിച്ചു കിടക്കുന്ന സന്നദ്ധസേവന തൽപ്പരരായ ഉപയോക്താക്കൾ സഹകരണത്തോടെ പ്രവർത്തിട്ടാണ് വിക്കിപീഡിയയിൽ ലേഖനങ്ങൾ എഴുതുന്നത്.

വാഡ് കണ്ണിങ്ഹാം(Ward Cunningham)എന്ന അമേരിക്കക്കാരനാണ് വിക്കി എന്ന ആശയത്തിനും സോഫ്റ്റ് വെയറിനും തുടക്കമിട്ടത്. 1994 ൽ അദ്ദേഹം വികസിപ്പിച്ചെടുത്ത വിക്കിവിക്കി വെബ് എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് 1995 മാർച്ച് 25 ന് www.c2.com എന്ന വെബ്സൈറ്റ് സ്ഥാപിച്ചു.

ഏതൊരു ഉപയോക്താവിനും വിവരങ്ങൾ കൂട്ടിച്ചേർക്കാനും നീക്കം ചെയ്യാനും മാറ്റം വരുത്താനുമുള്ള സ്വാതന്ത്ര്യവും സൗകര്യവും നൽകുന്ന വെബ്സൈറ്റുകളെയാണ് വിക്കി എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. വളരെ എളുപ്പത്തിൽ വിവരങ്ങൾ ചേർക്കാം എന്നതിനാൽ വിക്കി, കൂട്ടായ്മയിലൂടെ രചനകൾ നടത്താനുള്ള ഒരു മികച്ച ഉപാധിയായി മാറി. ഇത്തരത്തിൽ കൂട്ടായ്മയിലൂടെ കുറിപ്പുകളും ലേഖനങ്ങളും മറ്റുള്ള രചനകളും നടത്തുന്നതിനുള്ള സൗകര്യം നൽകുന്ന സോഫ്റ്റ് വെയറുകളെ കുറിക്കാനും വിക്കി എന്ന വാക്ക് ഉപയോഗിക്കാറുണ്ട്.

ജിമ്മി വെയിൽസ്, ലാറി സാങർ എന്നിവർ 2001 ജനുവരി 15 നാണ് വിക്കി പീഡിയ പദ്ധതിക്ക് തുടക്കം കുറിച്ചത്. 2015 ലെ കണക്കനുസരിച്ച് 280-ൽപ്പരം ഭാഷകളിൽ വിക്കിപീഡിയയുടെ പതിപ്പുകളുണ്ട്. ഇംഗ്ലീഷ് പതിപ്പാണ് ഈ സംരംഭത്തിൻറെ നേതൃത്തിലുള്ളത്. മലയാളമടക്കം 20 ഇന്ത്യൻ ഭാഷകളിലും വിക്കിപീഡിയ പ്രവർത്തിക്കുന്നു.

## മഹത്വ വചനങ്ങൾ

."ചിന്തയുടെയും വാക്കിന്റെയും പ്രവർത്തിയുടെയും
സമ്പൂർണ്ണമായ പൊരുൾ."നല്ല മനുഷ്യൻ സ്നേഹം മൂലം
അനുസരിക്കുന്നു.അല്ലാത്തവൻ ഭയം മൂലവും".
-അരിസ്റ്റോട്ടിൽ

."നന്മ ചെയ്യുകയാണ് ഒരു മനുഷ്യജീവിതത്തിലെ
ജീവിതത്തിലെഏറ്റവും സന്തോഷകരമായ പ്രവർത്തി."
-സർ ഫിലിപ്പ്
_ഡിസ്നി

."കർമ്മത്തിലാണ് മഹത്വം,പ്രസംഗത്തിലല്ല".
-ഗുരു നാനാക്ക്

."ദൈവം മനുഷ്യർക്കെഴുതിയ കത്താണ് ലോകം."
-പ്ലേറ്റോ

."എല്ലാവരേയും സ്നേഹിക്കുക,ചുരിക്കം പേരെ
വിശ്വസിക്കുക."
-ഷേക്സ്പിയർ

."ഒരാളെ ശത്രുവാക്കാതെ കാര്യം മനസ്സിലാക്കി
കൊടുക്കുന്നതിനാണ് നയം എന്നു പറയുന്നത്."

-ഐസക്ക് ന്യൂട്ടൺ

."ചിന്തയുടെയും വാക്കിന്റെയും പ്രവർത്തിയുടെയും സമ്പൂർണ്ണമായ പൊരുത്തം തന്നെയായിരിക്കണംനമ്മുടെ ലക്ഷ്യം"

-ഗാന്ധിജി

."അവസരങ്ങൾ ഒരിക്കലും ഒന്നിലധികം തവണ നിങ്ങളുടെ വാതിൽക്കൽ മുട്ടുന്നില്ല"

-ഷാം ഫോർട്ട്

."പ്രഭാതുകൊണ്ട് ദിവസത്തിന്റെ ഭംഗി അറിയും പോലെ കുട്ടിക്കാലം കൊണ്ടി ജീവിതത്തിന്റെ ഭാവമറിയാം."

-മിൽട്ടൺ

."അഹിസയും സത്യവും എന്റെ ശ്വാസകോശങ്ങൾ പോലെയാണ് അവ കൂടാതെ എനിക്ക് ജീവിക്കാൻ സാധിക്കില്ല."

-മഹാത്മഗാന്ധിജി

."അശ്രദ്ധ അറിവില്ലായ്മയേക്കാൾ ദോഷം ചെയ്യുന്നതാണ് ."

-ഫ്രാങ്ക്ളിൻ

."മാതാ പിതാ ഗുരു ദൈവം."

-ശ്രീനാരായണ ഗുരു

നോബിൾ **ജോസഫ്**

# വീടും കുടുംബവും

ഒരു വ്യക്തിയുടെ അസ്തിത്വത്തോടു ബന്ധപ്പെടുത്തി പറയുന്ന രണ്ടു വാക്കുകളാണ് അയാളുടെ വീടും കുടുംബവും.വീട് അധിവാസസ്ഥലത്തെ കുറിക്കുന്നു എങ്കിൽ കുടുംബം,ആ ഭവനത്തിൽ വസിക്കുന്ന അംഗങ്ങളെ കുറിക്കുന്നു.വീടിനു വലിയ പ്രാധാന്യമില്ല.അതു പരിമിതികൾ ഏറെയുള്ളതാകാം.എന്നാൽ അതിൽ അധിവസിക്കുന്നവരുടെ പരസ്പരബന്ധവും സ്നേഹാധിഷ്ഠിതമായ അവരുടെ ജീവിതരീതിയുമാണ് സുപ്രധാനം.ഒരു സ്നേഹിതൻ തൻെറ പഴയ ഒരു സുഹൃതിത്തിനെ സന്ദർശിക്കുകയായിരുന്നു.സൽക്കാരങ്ങൾക്കും കുശലപ്രശ്നങ്ങൾക്കും ശേഷം ആതിഥേയൻ താൻ താവളമുറപ്പിച്ചചെറുനഗരം ചുറ്റിക്കാണാൻ സ്നേഹിതനെ പ്രേരിപ്പിച്ചു.ഹൃദ്യമായ കാര്യമായി കരുതി,ഇരുവരും നടപ്പു തുടങ്ങി.മുന്നോട്ടു നീങ്ങുബോൾ റോഡരികിൽ തലയെടുപ്പോടെ നിൽക്കുന്ന അതിമനോഹരമായ ഒരു ഭവനം സ്നേഹിതൻെറ ശ്രദ്ധയിൽപ്പെട്ടു.ആധുനിക വാസ്തു ശിൽപത്തിൻെറ എല്ലാ സാധ്യതകളും നേട്ടങ്ങളും മന്ദിരത്തിലുണ്ട്.'ബാഹ്യസൗന്ദര്യം ഇത്ര സമാകർഷകമെങ്കിൽ അതിൻെറ ഉള്ളിലെ സജ്ജീകരണങ്ങളുംസംവിധാനങ്ങളും എത്ര വിശിഷ്ടമായിരിക്കും!'-അയാൾ സുഹൃത്തിനോടു പറഞ്ഞു:
അപ്പോൾ ആതിഥേയനായ സുഹൃത്തു പറഞ്ഞു:"താങ്കൾക്ക് അകത്തെ സംവിധനങ്ങൾ കാണണമെന്ന് ആഗ്രഹമുടെങ്കിൽ അങ്ങോട്ടു പോകാം.ആ ഭവനാംഗങ്ങളുമായി എനിക്ക് അടുപ്പമുണ്ട്.ഇതൊരു മനോഹര സൗധമാണ്,നിശ്ചയം,പക്ഷേ,അതൊരു ശിഥില കുടുംബമാണ് എന്നുള്ളത് അറിഞ്ഞിരുന്നാൽ നന്ന്."മാതാപിതാക്കൻമാർ വേർപെട്ടവരായി കഴിയുന്നു.മക്കൾ മാനസിക പീഡയിൽ
നട്ടംതിരിയുന്നു.എല്ലാം കേട്ടപ്പോൾ സ്നേഹിതൻ പറഞ്ഞു:"ചുവരുകൾ വീടുണ്ടാക്കുന്നു;ഹൃദയങ്ങൾ കുടുംബങ്ങളെയും."കോടികൾ മുടക്കിയുള്ള

ശിൽപചചാതുര്യം വിളിച്ചോതുന്ന മനോഹര മന്ദിരങ്ങൾ നമ്മുടെ നാട്ടിലും ഒരുപാടുണ്ട്.ചില പ്രദേശത്തു കൂടി യാത്ര ചെയ്യുമ്പൾ ഇത്തരം മണിമന്ദിരങ്ങളുടെ വമ്പിച്ച നിര തന്നെ കാണാം.രണ്ടുപേർ മാത്രമേ പാർക്കാനുള്ളു എങ്കിലും അഞ്ചും ആറും കിടക്കമുറികളും അവയ്ക്കുള്ളിൽ ശീതീകരണ സംവിധാനങ്ങളും ഉണ്ടാകും.വീടിൻെറ പ്രൗഢിയിൽ കൂടി താൻ കൈവരിച്ച സാമ്പത്തിക മുന്നേറ്റവും അതുവഴി താൻ എത്തിച്ചേർന്നിരുക്കുന്ന ഔന്നത്യവും ലോകത്തെ ബോധ്യപ്പെടുത്തുകയാണ് ലക്ഷ്യം.എന്നാൽ, അതിനുള്ളിൽ കഴിയുന്നവർ
തമ്മിലുള്ള സ്നേഹത്തെയും ഐക്യബോധത്തെയും കുറിച്ച് ആരും ചോദിക്കരുത്.അംഗങ്ങളുടെ പ്രശ്നങ്ങളും ഭാരങ്ങളും ഇറക്കിവയ്ക്കാനുള്ള അത്താണിയാവണം കുടുംബം.പരസ്പരമുള്ള ആശ്രയത്തിൻെറയും ആശ്വാസത്തിൻെറയും അന്തരീക്ഷമാണ് കുടുംബങ്ങൾ നൽകേണ്ടത്.സ്നേഹവും സന്തോഷവും സമാധനവും നിറഞ്ഞ കുടുംബാന്തരീക്ഷത്തിൽ നിന്നാണ് ഉത്തമ വ്യക്തിത്വങ്ങൾ വാർത്തെടുക്കപ്പെടുന്നത്.ഇതിനെല്ലാം അടിസ്ഥാനം ഈശ്വര ചിന്തയും ഈശ്വരാരാധനയ്ക്കു സ്ഥാനം നൽകുന്നതുമാണ്.നാമജപവും പ്രാർത്ഥനയും നമസ്കാരവും അവരവരുടെ മതവിശ്വാസമനുസരിച്ച് നിഷ്ഠാപൂർവ്വം നടത്തണം. ലോകം മുഴുവൻ നേടിയാലും സ്വന്തം കുടുംബം നഷ്ടമാക്കിയാൽ എന്തു പ്രയോജനം എന്നുള്ള ചോദ്യം നമ്മുടെ മുമ്പിൽ ഉയർന്നു നിൽക്കട്ടെ.

അലൻ തോമസ്

# സ്ത്രീ

മുഴങ്ങുന്ന ചേങ്ങലയോ
ചിലമ്പുന്ന കൈത്താളമോ അല്ല
ഒരമ്മതൻ പെറ്റവയറിന്റെ വേദന
തൻ മകൻ ഓടിപ്പഠിച്ചു , ചാടിപ്പഠിച്ചു,
മായപഠിച്ചു , മന്ത്രംപഠിച്ചു.

അറിഞ്ഞില്ലവനിനിയും അമ്മയെന്ന സത്യത്തെ
ഒൻപതാം മാസംതുടങ്ങിയ വേദന
അന്നു കഠോരം ഇന്നു അതികഠോരം
പെറ്റുകിടക്കും തെരുവു പട്ടിക്കെന്തൊരുറ്റം
കുരച്ചതു ചാടക്കടിക്കുന്നു.

തെരുവീഥികളിൽ പിച്ചിച്ചീന്തപ്പെടുന്ന
പെണ്മക്കളിലും അവൻ കണ്ടീല
പൊന്നിതായ് കൊള്ളയടിക്കപ്പെടുന്ന
മകളിലും അവൻ കണ്ടീലാ

എന്തേ....അവനറിഞ്ഞില്ല.അമ്മയെന്ന സത്യത്തെ
എന്തേ....അവൻകേട്ടീല ആ ഇടറുന്ന സ്വരത്തെ
മൂകാഭിനയം നടത്തിടുമ്പോഴും
നെഞ്ചു പൊട്ടുന്ന വേദനയുണ്ടുള്ളിൽ എന്തേ അവൻ തന്നെ
കുത്തിനോവിക്കുന്നു പിന്നെയും
തൻ മകൻ മലയാളി
തൻ മകൻ പോരാളി
തൻ മകൻ തൻ മകൻ

അവൻ തന്നെ കൊലയാളി

പത്രമാദ്യമങ്ങൾ ചുറ്റുചുറ്റുക്കോടെ
തട്ടിക്കളിക്കുന്ന തന്മകനെ...
എന്തിനു വേണമിനി അമ്മതൻ ജീവൻ
എല്ലാം കവർന്നെടുത്തുടച്ചില്ലേ നീ..
ഇത് മുഴങ്ങുന്ന ചേങ്ങലയോ
ചിലമ്പുന്ന കൈത്താളമോ അല്ല
ഒരമ്മതൻ പെറ്റ വയറിന്റെ വേദന.

ആഞ്ജല ജോസഫ്

# പനിനീർ പൂവ്

പനിനീർ പൂക്കളാൽ നിറഞ്ഞ വൃന്താവനം
ശലഭങ്ങൾ പാറിപറക്കുന്നു എന്നിലായ്
പല നിറങ്ങൾ നിറഞ്ഞ ശലഭങ്ങൾ
പൂവിനെ തഴുകിവരുന്ന പൂങ്കാറ്റേ
നീ വൃന്താവനത്തെ ശോഭിതമാക്കു



എൻ ഇതളുകളിൽ വിടരുന്ന മനുഷ്യജീവിതം
ശോഭിതമാക്കു നീ കാറ്റേ.......
പച്ചപ്പിൻ മനോഹാരിതയിൽ വിടരുന്ന
പനിനീർപൂവാണ് ഞാൻ
എൻ ജീവിതവും ശോഭിതമാക്കു.....

ത്രേസ്യ ഫിലിപ്പ്

# ഡബിൾ അറ്റാക്ക്

**-ട്രീസ വർഗ്ഗീസ്**

ഞാൻ നിൽക്കുന്ന ഇടനാഴിക്കിരുവശവും
താഴിട്ടു പൂട്ടിയ നിരവധി മുറികൾ
കൈയിൽ ഒരു താക്കോൽ കൂട്ടവുമായി
പഴുതുൾ ഏതെന്നറിയാതെ
എങ്ങനെ ഓരോ മുറിയും തുറക്കുമെന്നറിയാതെ
ഞാൻ പകച്ചുനിൽക്കുമ്പോൾ
ഉപാധികളില്ലാത്ത
സൗഹൃദപ്പുഞ്ചിരിയുമായി
എന്നെ സഹായിക്കാൻ
അണിഞ്ഞൊരുങ്ങി വന്നവൾ
എൻെറ കൂട്ടുകാരി
ദിക്കുകളെ വളച്ചൊടിക്കാൻ ശ്രമിക്കാത്തവൾ...
എവിടെയും ജയിക്കാൻ കഴിയാത്ത എന്നോട്
സ്വരം നല്ലതല്ലേ,നീ പാട്ടുപാടൂ
എന്നു പറഞ്ഞവൾ
സ്റ്റേഷനടുക്കുമ്പോൾ
തീവണ്ടി ട്രാക്കുമാറുന്നതുപോലെ
ഓർമിച്ചെടുത്ത പഴയ പാട്ടുപാടി ഞാൻ കിതച്ചുനിന്നു
അപ്പോഴും മനസ്സിൽ നിന്നു വിട്ടുപോകാതെ
ചതുരംഗക്കളം
ആനക്കാൽ ഒരു കരുകൊണ്ട് മറച്ചുവെച്ചിട്ട്
'കാസിൽ' ചെയ്യാൻ ഞാൻ കാത്തിരിക്കുന്നു
അവൾ പറഞ്ഞു
കരുക്കളല്ല കുരുക്കൾ
ചുവന്ന മഞ്ചാടിക്കുരുക്കൾ

അതിൻെറ ആകൃതി ഏതുപോലെയാണെന്ന്
അവൾ എനിക്ക് പറഞ്ഞുതന്നു
പേമാരി സൃഷ്ടിച്ച പ്രളയത്തിനുശേഷം
ഞാൻ നിറങ്ങൾക്കായി തേടുന്നു
പല നിറത്തിലുള്ള കണ്ണടകൾ മാറിമാറിയണിഞ്ഞ്
ഒടുവിൽ ഞാനതു കണ്ടെത്തുന്നു.
കുട്ടുകാരി;
ഒരു കളം നിറഞ്ഞ ചുവപ്പുനിറമാണ്
കാണാത്തതു കാണിച്ചുതരുന്ന വെളിച്ചമാണ്.
പല്ലുകൾ ചവയ്ക്കാതെ അരഞ്ഞുപോകുമ്പോൾ
ഉള്ളിലും പുറത്തുമുള്ള രണ്ടുലേകങ്ങളോട്
ഒറ്റയ്ക്കു പൊരുതി നിൽക്കണം
വിജയിച്ച് പുഞ്ചിരിതൂകി നിൽക്കണം
അടുത്ത ക്രിസ്മസ് പ്രഭാതത്തിൽ
മുള്ളില്ലാത്ത ഒരു ചെടിയിൽ
ഒരിതൾപ്പൂവായെങ്കിലും
എനിക്കു വിടരണം.



# ബൂമറാഗ് എന്ന ചക്രായുധം

പുരാണത്തിലെ അംബരീഷ ചക്രവർത്തിയുടെ കഥ കേട്ടിട്ടിലെ? അംബരീഷന്റെ വ്രതം മുടക്കാൻ ഇന്ദ്രൻ അയച്ച ദുർവാസാവിനെ തുരത്തിയത് സുദർശനചക്രം എന്ന ചക്രയുധമായിരുന്നു. ഇത് പുരാണകഥ.ഈ കഥയൊന്നും അറിയത്ത മനുഷ്യൻ തന്റെ കനനവാസത്തിനിടയിൽ വികസിപ്പിചെടിത്ത റിവേഴ്സ് ആയുധമായിരുന്ന ബൂമറാഗ്. ആ രസികൻ ആയുധത്തെക്കുറിച്ച് കേൾക്കാ........

## ദേശങ്ങളിൽ,ഗോത്രങ്ങളിൽ

ഓസ്ട്രേലിയൻ ആദിമനിവാസികളിൽ നിന്നാണ് ബൂമറാഗ് ഉദഭവിച്ചത്. പ്രയോഗിക്കുന്നയാളുടെ കൈയിൽത്തന്നെ ഇതുമടങ്ങിയെത്തുന്ന എന്നതാണ് ഈ ആയുധത്തിന്റെ സവിശേഷത. ലക്ഷ്യത്തിൽ തട്ടിയില്ലെങ്കിൽ ആയുധം പ്രയോഗിച്ച ആളിലെക്ക് മടങ്ങിയെത്തും. എന്നാൽ ലക്ഷ്യം സനിചാൽ തിരിചെത്തില്ല. കളിപാട്ടമായും ആയുധമായും ഉപയോഗിച്ചിരുന്ന ബൂമറാഗിന് ദേശങ്ങൾ,ഗോത്രങ്ങൾ ,ഉപയോഗം എന്നിവയനുസരിച്ച് വലുപ്പത്തിലും ആക്രതിയിലും വ്യത്യസങ്ങൾ ഉടാകാറുണ്ട്. ഉരുദീർഘവൃത്താകൃതിയുള്ള പാതയിലൂടെ സഞ്ചരിച്ചാണ് എറിഞ്ഞയാളിന്റെയടുതെക്ക് തിരിചെത്തുന്നത്

## ഉപയോഗം പലരീതിയിൽ

ഓസ്ട്രേലിയൻ ആദിമനിവാസികൾ മാത്രമായിരുന്നില്ല ബൂമറാഗ് ഉപയോഗിച്ചിരിന്നത്. പുരാതന ഈജിപ്തുകാരും കാലിഫോർണിയയിലെയും അരിസോണയീലെയും അമേരിക്കൻ വംശജരും തെക്കേ ഇന്ത്യയിലുണ്ടായിരുന്നവരുമെല്ലാം പറവകളേയും മുയലുകളേയും വേട്ടയാടാനായി തിരിച്ചുവരാത്ത ബൂമറാഗ്കൾ ഉപയോഗിച്ചതായി ചരിത്രം പറയുന്നു. ചിലയിനമാകട്ടെ എറയാനുപയോഗിക്കാതെ തമ്മിൽപ്പോരിനും കലഹസന്ദർഭങ്ങളിലുമാണ് ഉപയോഗിച്ചിരുന്നത്

## വളഞ്ഞ ഒരു വടി

പ്രാകൃതമനുഷ്യൻ ഉണ്ടാക്കിയെടുത്ത ഈ മാരായുധം എന്ന അദ്ഭുത മന്ത്രം വളരെ കാലത്തേക്ക് ശസ്ത്രജ്ഞരെപ്പോലും അതിശയിപ്പിച്ചിരുന്നു.കഴച്ചയിൽ വളരെ ലഘുവായ ഒന്നാണിത് മരം കോണ്ട് നിർമ്മിക്കുന്ന ബൂമറാഗിന്റെ ശരാശരി നീളം30-60cm റും വളവ് 45%-130%വരെയാണ്. കുത്തനെ ഉയർന്ന് വളഞ്ഞ് താഴേക്കുവന്ന് വിപരീതദിശയൽ ചലിച്ചാണ് എറിഞ്ഞടുത്ത് തിരിചെത്തിന്നത് പ്രത്യേകമായ ആകൃതയിൽ വളഞ്ഞ ഒരു വടി മത്രമാണിത്

## ബൂമറാഗിന്റെ പ്രയേഗങ്ങൾ

ബൂമറാങ്ങേറ് ഇന്നൊരു കായക ഇനവും വിദേശികളെ കാണിക്കാനുള്ളപ്രദർശനവുമാണ്. പാശ്ചത്യ രാജ്യങ്ങളിലൃ മത്സരയിനം കൂടിയോണിത്.സ്വന്തം പ്രവൃത്തിയുടെ ഫലം തനിക്കുതന്നെ വിനയായി മടങ്ങിയെത്തുന്ന അവസത്തയെയും ബൂമറാഗ് എന്ന് പ്രയോഗിക്കറുണ്ട്. ബൂമറാഗ് പോലെ തിരിച്ചുവന്നു എന്ന് കേട്ടിട്ടില്ലേ?

ഇങ്ങനെയൊക്കെയാണെങ്കിലുംഇത് കണ്ടുപിടിച്ചതാരെന്നതിന് വ്യക്തമായ രേഖകളില്ല ഒസ്ട്രേലിയൻ ആദിമവാസികൾ ഇതിനെ കൈലി (Kylie) എന്നാണത്രെ വളിച്ചിരുന്നത് പോളണ്ടിൽനിന്ന് കിട്ടിയ ഒരു ബൂമറാഗിന്റെ പഴക്കമെത്രയായിരുന്നോ? ഇരുപതിനായിരം വർഷം!

– ജോഫിൻ

# മാറിവരുന്ന നവകേരളം

സയൻസും മറ്റ് മാധ്യമങ്ങളും ഉയർന്നു വരുന്ന ഒരു നാടായി മാറിയിരിക്കുകയാണ് നമ്മുടെ കൊച്ചു കേരളം. ലാഭത്തിന്റെയും പണത്തിന്റെയും പുറകെ ഓടുന്ന കാലം. പണത്തിനു വേണ്ടി കൊല്ലും കൊലയും ചെയ്യുന്ന ഒരുതരം ഭ്രാന്ത് പിടിച്ച നാടായി മാറിയിരിക്കുന്നു. ഈ പുതുവർഷം തുടങ്ങിയതിൽ പിന്നെ എത്ര ഹർത്താലുകൾ.

നമ്മുടെ സുരക്ഷക്കും ഭാവിക്കും വേണ്ടി നാം ഇല്ലാതാക്കുന്നത് നമ്മുടെ പ്രകൃതിയാവുന്ന അമ്മയെയാണ്. എല്ലാത്തിനും ഒരു തിരിച്ചടി എന്നപോലെ പ്രകൃതി നമ്മുക്ക് തന്നോരു ശിക്ഷയാണ് 2018 ലെ പ്രളയം. ദരിദ്രനെന്നോ, പണക്കാരൻ എന്നോ വേർതിരിവില്ലാതെ കേരളീയ ജനത ഒട്ടാകെ കൈകോർത്ത് പിടിച്ച ആ നിമിഷങ്ങളെ എത്ര തലമുറകൾ പിന്നിട്ടാലും കേരളീയ മനസ്സുകളിൽ നിന്ന് മായ്ക്കാനാവാത്തതാണ്. കേരളീയരെ മുഴുവൻ കണ്ണീരിൽ ആഴ്ത്തിയ ചില ദിവസങ്ങൾ.

ഓരോ ഉയർച്ചക്കും വേണ്ടി നാം എത്ര കഠിനമായാണ് പ്രകൃതിയെ വേദനിപ്പിക്കുന്നത്, എത്ര മലകളാണ് നാം ഇടിച്ച് നിരത്തുന്നത്, ഓരോ ദിവസം പോകുന്തോറും പ്രകൃതിയെ നാം നശിപ്പിച്ചു കോണ്ടിരിക്കുന്നു.

പ്രശസ്ത അമേരിക്കൻ നടനായ ലിയോനാർഡോ ഡികാപ്രിയോ ഒരു പ്രസംഗത്തിൽ ഇങ്ങനെ പറയുന്നു.

"we know that droughts are intensifying our oceans are warming and acidifying with methane plumes rising up from beneath the ocean floor"

-Leonardo Dicaprio നമ്മൾ പുഴയിൽ പ്ലാസ്റ്റിക്ക് കൂടുകളും മറ്റും വലിച്ചെറിയുമ്പോൾ പുഴയിൽ ഉള്ള ഓക്സിജന്റെ അളവ് കുറയുകയും അങ്ങനെ മത്സ്യങ്ങൾ ചത്തൊടുങ്ങുകയും ചെയ്യുന്നു. ഇനിയെങ്കിലും ഒന്ന് ചിന്തിക്കുക നമ്മുടെ കേരളത്തെകുറിച്ചും പ്രകൃതി സൗന്ദര്യത്തെകുറിച്ചും. നമ്മുക്ക് ഒറ്റകെട്ടായ് നിന്ന് നമ്മുടെ പ്രകൃതിയെ നമ്മുക്ക് തിരിച്ചു പിടിക്കാം.

- കൃഷ്ണേന്ദു

# നന്ദി

വിദ്യാഭ്യാസ രംഗത്തെ ഏറ്റവും പുതിയ സംരംഭമാണല്ലോ ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മ.ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഉണർത്താനും സർഗ്ഗാത്മകത വളർത്താനും വളരെയേറെ പ്രയോജനപ്പെടുന്നതാണ് ഈ പരിപാടി.
ലിറ്റിൽകൈറ്റ്സിലെ മിടുക്കരായ കുട്ടികളെ അഭിനന്ദിക്കുകയും ഈ സംരംഭത്തിന് എല്ലാ ആശംസകളും നേരുകയും ഇതിന്റെ പിന്നിൽ പ്രവർത്തിച്ച സുമനസുകൾക്ക് നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.

സി. ഷീനാപോൾ






# MARYGIRI
## HIGHER SECONDARY SCHOOL
THERTHALLY